സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ട കായലുകളുടെ വിസ്തീർണ്ണം കറഞ്ഞതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചിറകൾ, തടാകങ്ങൾ, കളങ്ങൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകപ്പ് നടത്തുന്ന പഠന പര്യവേഷണങ്ങളിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ കറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ജലസേചന വകപ്പിൽ വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12-11-2013-ൽ പുറപ്പെടുവിച്ച സർക്കുലറിൽ പ്രസ്തുത വകപ്പിൻ കീഴിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കയ്യേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ അവ ഒഴിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഇരു വകപ്പുകളും ചേർന്ന് സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അതിപ്രസരം

21(*261) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അതിപ്രസരം സുരക്ഷിത പഠനത്തിന് ഭീക്ഷണിയാവുന്നുണ്ടെന്ന റിപ്പാർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥി സംഘടനകളുടെ ഭീഷണി നേരിടാൻ കഴിയാത്തതുമൂലം പഠനം പൂർത്തിയാക്കാതെ കുട്ടികൾ കൊഴിഞ്ഞുപോകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രശ്നത്തിൽ അടിയന്തര പരിഹാരമുണ്ടാക്കുമോ ?

വിദ്യാഭ്യാസ വകപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഇല്ല. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലെ രാഷ്ട്രീയ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly